യക്ഷികഥകൾ

# പാലപൂക്കുമ്പോൾ

ജോൺ ഇളമത

ഹാലോവീൻ യക്ഷികഥകളുടെ കാലമാണ്.കുട്ടിക്കാലങ്ങളിൽ കേട്ട യക്ഷിക്കഥകൾ ഭീതിയുടേയും,ജിജ്ഞാസകളുടെയും അനുഭവങ്ങളായിരുന്നു.പമ്പയാറും,പനയാന്നാറുകാവും, പരുമലയും,മാന്നാറും,നിരണവുല്ലാം യക്ഷികഥകൾ നിറഞ്ഞുനിന്നൊരു കാലഘട്ടത്തിലാണ് എൻെറ ബാല്യവും,കൗമരവും,യൗവനത്തിൻെറ ആദ്യഘട്ടങ്ങളുമൊക്കെ കഴിഞ്ഞുപോയത്. പനയന്നാറുകാവിലെ യക്ഷികകൾ കറുത്തരാത്രികളുടെ മദ്ധ്യാനത്തിൽ ആകാശത്തിലൂടെ പറക്കുമെന്നും പാലമരങ്ങളിൽ,പാലപൂക്കുമ്പോൾ ചേക്കേറുമെന്നും ഗ്രാമത്തിലും,കൗമാരക്കാരും ,യുവത്വത്തിലേക്കു കാലുകുത്തുന്നവരും വിശ്വസിച്ചിരുന്ന ഒരുകാലത്ത് ഞാനും ഒരെക്ഷിയ കണ്ട് ഭയന്നുവിറച്ചു.

ഒരുപാതിരാത്രിയിൽ വീട്ടുകാരറിയാത സ്കൂൾഫൈനൽ പഠനകാലത്ത് സെക്കൻറ് ഷോ കഴിഞ്ഞ് തിരികെ എത്തുമ്പോൾ പാതിര അടുത്തിരുന്നു.കൂര്യത്ത് കടത്തിറങ്ങി കാൽവലിച്ചു നീട്ടിനടന്നു.പെട്ടന്ന് വീടെത്തണം.ആരുമറിയാതെ ചാരിയ അടുക്കള വാതിലിലൂടെ കിടക്കമുറിയി ൽ എത്തണം.സാരമില്ല,ശനിയാഴ്ച്ച അവധി ദിവസം.കുറേനേരം ഉറങ്ങി ഉറങ്ങിക്കക്ഷീണം തീർക്ക ാം.കൗമാരം കഴിഞ്ഞ് യൗവനം പൊട്ടിമുളക്കുന്ന സ്വപ്നസുന്ദരകാലം.മനോരാജ്യങ്ങളുടെ മണിയറയിൽ ,നൂർജഹാനും,മിസ്സ്കുമാരിയുമക്കെ സഞ്ചരിക്കുന്ന കാലം.അന്ന് കണ്ട സിനിമ തമിഴാണ്.എംജിആർ വിലസിനിന്നകാലം.എന്തോ ഒരു തിരുടൻ!എംജിആറിനെ കൂടാതെ എമ്മൻ നമ്പ്യാർ,വൈജയന്തിമാലയൊക്കെ നടിച്ച ചിത്രം!ബഞ്ചിലിരുന്ന എൻെറ മുമ്പിലെ ഒരുതറ ടിക്കറ്റുകാരൻ ചേട്ടൻ, മടിയിൽ പാക്കുവെട്ടാൻ വെച്ചിരുന്ന ഓലപിച്ചാത്തി,എംജിആർ അണ്ണനെ നേരെ എറിഞ്ഞ് ആക്രോശിച്ചു!

അണ്ണാ,കവലപ്പെടാതെ എൻ കത്തിയെടുത്ത് ആ നമ്പ്യാര്തണ്ടിയെ കാച്ച്!

പാതി ഉറക്കത്തിലിരുന്ന ഞാൻ ഞെട്ടി ഉണർന്നു,കാര്യം ശരിയാണ്,എംജിയാറണ്ണൻ ഗുരുതരാവസ്ഥയിലാണ്.നമ്പ്യാരിൻെറ മരണപൂട്ടിൽ എംജിയാർ ശ്വാസംമുട്ടി പിടയുന്നു.വൈജയന്തിമാല എന്ന എംജിയാറിൻെറ കാമുകി സമീപത്തു നിന്ന് നെഞ്ചത്തലക്കുന്നു.

അപ്പോൾ തറയിലിരുന്ന് ഓലപിച്ചാത്തി എറഞ്ഞുകൊടുത്ത ചേട്ടൻെറ ശബ്ദം വീണ്ടും ഉച്ചത്തിൽ:-

എടീ,വൈജയന്തിമാലപെണ്ണേ!,നിന്നു മോങ്ങാതെ കത്തിഎടുത്ത് അണ്ണൻെറ കയ്യിലോട്ടു കൊടുക്കെടീ!

ഞാൻ പൊട്ടിച്ചിരിച്ചുപോയി,ഓലപിച്ചാത്തിക്കാരൻ ചേട്ടൻെറ ഒരു ബുദ്ധി!തിരികെ നടന്നപ്പോൾ വഴിയിൽ ആ ചിരി പൊട്ടിച്ചിരിയായി ആറ്റുതീരത്തെ പരുത്തികാട്ടിലെ നിശബ്ദതയിൽ ഒഴുകി അലിഞ്ഞു.പട്ടന്നൊരു മാദകഗന്ധം,കൊതിപ്പിക്കുന്ന ഗന്ധം!പരുത്തിക്കാടിനപ്പുറത്ത് റോഡരുകിലെ പാലമരത്തിൽ നിന്നും എന്നത് തിരിച്ചറിയാൻ അല്പ്പനേരമെടുത്തു.പാലമരം പൂത്തു മദനഗന്ധം നിറയുമ്പോൾ യക്ഷികൾ കാമാർത്തരായി പാലമുകളിൽ നിന്നിറങ്ങി മനുഷ്യരെ വശീകരിച്ച് രക്തം ഊറ്റിക്കുടിക്കുമെന്ന് കൂട്ടുകാരൊക്കെ പറഞ്ഞിരുന്നകാലം!പേടിതോന്നി,ഹെയ് അങ്ങനെയൊന്നില്ല ,ഏതെക്ഷി!വെറുംകെട്ടുകഥ,നുണകഥ,കേൾക്കാൻ സുഖമുള്ള കഥ!എന്നിങ്ങനെ മനസ്സിനെ ധൈര്യപ്പെടുത്തി.എങ്കിലും ഇടക്കിടെ ചാപല്ല്യം,ചാഞ്ചാട്ടം!ഇന്ന്വെള്ളിയാഴ്ച്ച പാതിരാവ ,കറുത്ത പക്ഷത്തിൻെറഅന്ത്യനാളുകൾ,ഇരുളിൽ പിടയുന്ന ചന്ദ്രപ്രഭയുടെ ഇടക്കിടെ അരിച്ചെത്തുന്ന നിഴൽപോലയുള്ള പ്രകാശം!

ആ പ്രാകാശത്തിൽ അതാ പാലയുടെ അടിയിൽ,ഇടിക്കിടെ അരിച്ചുവീഴുന്ന പ്രകാശത്തിൽ കണ്ടു.പാദംവരെനീണ്ടുകിടക്കുന്ന അഴിച്ചിട്ട മുടി,രക്തനിറമുറമുള്ള കണ്ണുകൾ, തൂവെള്ള വസ്ത്രം,താഴേക്കുകൂടിപെട്ടന്ന് നോക്കി,കാൽ നിലത്തു മുട്ടിയിട്ടില്ല എന്നുതോന്നി,പാറി പറക്കുന്ന മുടിയിഴകൾ,ഇത് പനയന്നാറുകാവിൽ നിന്ന് പറന്നുവന്ന യക്ഷിതന്നെ!

അയ്യോ,ഞാനൊരലർച്ച!

പെട്ടന്നൊരു സ്ത്രീ ശബ്ദം!കുഞ്ഞേ,ഇത് ഞാനാ,പേടിപ്പിച്ച് ആളെക്കൂട്ടാതെ.

ഞാൻ എന്റെ കയ്യിലെ ചെറുടോർച്ച് അവളുടെ മുഖത്തേക്കടിച്ചു നോക്കി. ദേവയാനി!,ഞങ്ങളുടെ ഗ്രാമത്തിലെ കാമാർത്തന്മാരുടെ ഉറക്കം കെടുത്തുന്ന ദേവയാനി!